**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3162** **14-02-2024 - ൽ മറുപടിയ്ക്ക്**

**അക്വാട്ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ, ശ്രീമതി യു പ്രതിഭ , ശ്രീ. എ. രാജ, ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മത്സ്യകൃഷി വ്യാപനത്തിനും അക്വാട്ടൂറിസത്തിനുമായി അഡാക്ക് വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾഎന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | മത്സ്യകൃഷി വ്യാപനത്തിനായി അഡാക്ക് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. അക്വാട്ടൂറിസവുമായി ബന്ധപ്പെട്ട് അഡാക്ക് മുഖേന നിലവിൽ പദ്ധതികൾ ഒന്നും നടപ്പിലാക്കുന്നില്ല. |
| (ബി) | അഡാക്കിന്റെ ഫാമുകളിൽ അക്വാട്ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | അഡാക്കിന്റെ എരഞ്ഞോളി ഫാമിൽ പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിലേക്കായി 24.80 കോടി രൂപയുടെ 'ഇന്റഗ്രേറ്റഡ് അക്വാ പാർക്ക് അറ്റ് എരഞ്ഞോളി ഫാം കണ്ണൂർ' എന്ന പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി അക്വാ ടൂറിസം ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | കൊല്ലം ജില്ലയിലെ ആയിരംതെങ്ങ് ഫാമുമായി ചേർന്നുള്ള കണ്ടൽക്കാടുകളെ ടൂറിസത്തിനായി പ്രയോജനപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? | (സി) | കൊല്ലം ജില്ലയിലെ ആയിരംതെങ്ങ് ഫാമുമായി ചേർന്നുള്ള കണ്ടൽക്കാടുകളെ ടൂറിസത്തിനായി പ്രയോജനപ്പെടുത്തുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## മത്സ്യകൃഷി വ്യാപനത്തിനായി അഡാക്ക് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ

1) Rebuild Kerala Initiative (RKI) - Fish Production in cages through participatory approach with beneficiaries of scheduled tribe in Banasurasagar Reservoir, Wayanad District.

വയനാട് ജില്ലയിലെ ബാണാസുരസാഗർ അണക്കെട്ടിൽ, തദ്ദേശീയ പട്ടികവർഗ്ഗ അംഗങ്ങളെ സംഘടിപ്പിച്ചുകൊണ്ട് നടപ്പിലാക്കുന്ന കൂട് മത്സ്യകൃഷി പദ്ധതിയ്ക്കായി ആർ.കെ.ഐ. പദ്ധതിയിലുൾപ്പെടുത്തി 3.2 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. അണക്കെട്ടിനെ ആശ്രയിച്ച ജീവിക്കുന്ന പട്ടികവർഗ്ഗ മത്സ്യത്തൊഴിലാളികളേയും മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ട സ്ത്രീ/പുരുഷന്മാരെയും ഗുണഭോക്താക്കളായി ഉൾപ്പെടുത്തിക്കൊണ്ടാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് 6x4x4 മീറ്റർ വലിപ്പമുള്ള HDPE (High Density Poly Ethylene) കേജുകൾ ഗ്രൂപ്പ് ഒന്നിന് 10 എണ്ണം വീതം 9 ഗ്രൂപ്പുകൾക്ക് ആകെ 90 കൂടുകളിലാണ് മത്സ്യകൃഷി നടത്തി വരുന്നത്. സംസ്ഥാനത്ത് ഇപ്പോൾ പ്രചാരമുള്ള ഗിഫ്റ്റ് മത്സ്യങ്ങളെയാണ് കേജുകളിൽ വളർത്തുന്നത്.

2) PMMSY- Participatory Integrated Fisheries Development in selected Reservoirs of Kerala

ടി പദ്ധതിയ്ക്കായി 1600 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. വയനാട് ജില്ലയിലെ ബാണാസുരാസാഗർ, കാരാപ്പുഴ, കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമുഴി, പത്തനംതിട്ട ജില്ലയിലെ കക്കി റിസർവ്വോയറുകളിലായി 400 കേജുകളിലായി കൂട് മത്സ്യകൃഷി നടന്നുവരുന്നു. എസ്.സി/എസ്.ടി റിസർവോയർ ഫിഷർമെൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ 400 അംഗങ്ങളാണ് ഗുണഭോക്താക്കൾ.

3) PMMSY- Establishment of Brood bank for Pearlspot through selective breeding at Ayiramthengu Brackish water fish farm

ഗവ. ഫിഷ് ഫാം ആയിരംതെങ്ങിൽ സെലക്ടീവ് ബ്രീഡിംഗ് വഴി അത്യുൽപ്പാദന ശേഷിയുള്ള കരിമീൻ ഇനം വികസിപ്പിച്ചെടുക്കുന്നതിനുള്ള ബ്രൂഡ് ബാങ്ക് സ്ഥാപിക്കുന്നതിലേയ്ക്ക് 500 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്.ട് പദ്ധതിയുടെ ടെക്നിക്കൽ കൺസൾട്ടന്റായ നാഷണൽ ബ്യൂറോ ഓഫ് ഫിഷ് ജനറ്റിക് റിസോഴ്സസ് (NBFGR)-ന്റെ സഹായത്തോടെ പദ്ധതി നടപ്പിലാക്കി വരുന്നു.

4) Development of Vannamei shrimp farming 2022-23

സംസ്ഥാനത്ത് വനാമി ചെമ്മീൻ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'Development of Vannamei shrimp farming 2022-23' എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കണ്ണൂർ, തൃശ്ശൂർ, കൊല്ലം ജില്ലകളിലായി 500 ഹെക്ടർ വിസ്തൃതിയിൽ വനാമി കൃഷി നടത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. നിലവിൽ 97.31 ഹെക്ടർ ഫാമുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് വനാമി ചെമ്മീൻ കൃഷി നടപ്പിലാക്കി വരികയാണ്.

5) വനാമി ചെമ്മീൻ കൃഷി 2023-25

2023-25 ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി വനാമി ചെമ്മീൻ കൃഷി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. വനാമി ചെമ്മീൻ കൃഷിക്കായി ടി പദ്ധതിയിൽ 594.23 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇതിന്റെ ഭാഗമായി 70 ഹെക്ടർ ഫാമുകൾ ചെമ്മീൻ കൃഷിക്കായി തെരഞ്ഞെടുക്കുകയും കുളങ്ങളുടെ അടിസ്ഥാന സൗകര്യ വികസനങ്ങൾ നടപ്പിലാക്കി ചെമ്മീൻ കൃഷിയ്ക്ക് ഉപയുക്തമാക്കുകയും ചെയ്തിട്ടുണ്ട്.

6) Innovative Aquaculture Practices

നൂതന ശാസ്ത്രീയ ജലകൃഷി രീതികൾ വികസിപ്പിച്ച് കർഷകരിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ 'Innovative Aquaculture Practices a component under "Subhiksha Kerala – Janakeeya Matsyakrishi – Aquaculture Development Activities' എന്ന പദ്ധതിയ്ക്ക് 395.59 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഗവ. ഫിഷ് ഫാം ആയിരംതെങ്ങിലും, പൊയ്യാ ഫാമിലും പദ്ധതി നടപ്പിലാക്കി വരുന്നു.

Schetha

**സെക്ഷൻ ഓഫീസർ**